# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2219 — 18/06/2013- ൽ മറുപടിക്ക്

## ചെറുകിട വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൂടിൽ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ മേഖലക്ക് പുത്തനുണർവ്വ് നൽകുവാനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി (ESS). ഈ പദ്ധതി വഴി അർഹരായ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കായി ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>➢ പരമാവധി 30 ലക്ഷം രൂപയാണ് ഒരു അപേക്ഷകന് സബ്സിഡിയായി ലഭിക്കുക<br>➢ അനുവദിക്കപ്പെട്ട തുകയുടെ 30% സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ മേൽത്തുക മറ്റു ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>➢ എം.എസ്.എം.ഇ സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 15% സഹായധനം -20 ലക്ഷം വരെ<br>➢ വനിത പട്ടികജാതി /പട്ടികവർഗ്ഗ സംരംഭകർക്ക്, യുവ സംരംഭകർ എന്നിവർക്ക് മൂലധനത്തിന്റെ 20% സഹായധനം 30 ലക്ഷം വരെ<br>➢ റബ്ബർ, ഭക്ഷ്യ സംസ്കരണം തുടങ്ങിയ ത്രസ്റ്റ് മേഖലകളിൽ വ്യവസായങ്ങൾക്ക് തുടങ്ങുന്ന മൂലധനത്തിന്റെ 10% അധിക |

ധനസഹായധനം -10 ലക്ഷം വരെ

- ➢ വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 10% അധിക ധനസഹായം -10 ലക്ഷം വരെ
- ➢ നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് 10% അധിക ധനസഹായം -10 ലക്ഷം വരെ
- ➢ പുതിയ സംരംഭം തുടങ്ങുന്നതിന് ധനസഹായം - 3 ലക്ഷം രൂപ വരെ
- ➢ വികസനം, വൈവിദ്ധ്യ വത്കരണം ആധുനിക വത്കരണം എന്നിയ്ക്കുള്ള ധനസഹായം തുടങ്ങിയവ

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്; അതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്നുമറിയിക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ മലബാർ സിമന്റ്സ് ലിമിറ്റഡ് ലാഭത്തിലും, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നഷ്ടത്തിലുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

(സി) പാലക്കാട് ജില്ലയിലെ ഓരോ വ്യവസായ സ്ഥാപനത്തിനും 2006-2011 വരെ എത്ര തുക അനുവദിച്ചു;

(സി) പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനമായ മലബാർ സിമന്റ്സിന് 2006-2011 കാലയളവിൽ സർക്കാർ ധനസഹായംനൽകിയിട്ടില്ല. 2010-11 ൽ 12 കോടി രൂപ ചെലവഴിച്ചാണ് SIFL ന്റെ മെഷീനിംഗ് യൂണിറ്റ് മെറ്റൽ ഇൻഡസ്ട്രീസിന്റെ ഭൂമി ഉപയോഗപ്പെടുത്തി പ്രവർത്തനമാരംഭിച്ചത്. പൊതുമേഖലാസ്ഥാപനമായ മെറ്റൽ ഇൻഡസ്ട്രീസിന് ലഭിച്ച സർക്കാർ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| **Year** | **Amount (Rs.in lakhs)** |
|---|---|
| 2006-07 | 46.57 |
| 2009-10 | 119.00 |
| 2010-11 | 282.11 |
| 2011-12 | 2.28 |

| | | |
|---|---|---|
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾക്ക് എത്ര ഫണ്ട് അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 ൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് 2.28 ലക്ഷം രൂപ വിരമിച്ച ജീവനക്കാരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നൽകിയിരുന്നു. 2013-14 സാമ്പത്തിക വർഷം 300 ലക്ഷം രൂപ കമ്പനിയുടെ നവീകരണപ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | 2010 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; ഏതെല്ലാം? | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ 2009-10 സാമ്പത്തികവർഷത്തെ കണക്കുകൾ പ്രകാരം (audited/provisional) ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | 2012 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. | 2012 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം (audited/provisional) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 18 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. |
| (ജി) | 2012 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; കാരണം വ്യക്തമാക്കാമോ? | 2012 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം (audited/provisional) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ 26 സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചത്.<br><br>ടെക്സ്റ്റയിൽ മേഖലയിൽ ആഗോളതലത്തിൽ ഉണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉല്പന്നങ്ങളുടെ വിലയിടിവും കാരണമാണ് ടെക്സ്റ്റയിൽ മില്ലുകൾ നഷ്ടത്തിലായത്. വൈദ്യുതി ബോർഡിൽ നിന്ന് ആവശ്യമായ ഓഡറുകൾ ലഭിക്കാത്തതും പൂർത്തീകരിച്ച ഓർഡറുകളുടെ തുക ലഭിക്കുന്നതിനുള്ള ദീർഘമായ കാലതാമസവും മൂലമാണ് ഇലക്ട്രിക്കൽ മേഖലയിലുള്ള സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. വിപണിക്ക് അനുയോജ്യമായ വൈവിധ്യവത്ക്കരണത്തിന്റെ അഭാവം മൂലമുണ്ടായ തകർച്ചയാണ് KAL നഷ്ടത്തിലാകാനുള്ള കാരണം. |

സെക്ഷൻ ഓഫീസർ

Bronoമൊഴി

# Profit making units under the Industries Department during 2009-10 (Audited/provisional figures)

| Sl. No. | Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Steel Complex Ltd |
| 3 | Transformers and Electricals Kerala Ltd |
| 4 | Malabar Cements Ltd |
| 5 | KINFRA |
| 6 | KSIDC |
| 7 | Travancore Titanium Products Ltd**** |
| 8 | Alleppey Co-operative Spinning Mills*** |
| 9 | Steel and Industrial Forgings Ltd |
| 10 | The Trichur Co-operative Spinning Mills Ltd |
| 11 | Kerala State Industrial Enterprises Ltd |
| 12 | Steel Industrials Kerala Ltd |
| 13 | Traco Cable Company Ltd |
| 14 | Kerala Clays & Ceramic Products Ltd. |
| 15 | Kerala Small Industries Development Corporation Ltd** |
| 16 | Kerala State Drugs & Pharmaceuticals Ltd |
| 17 | Autokast Ltd |
| 18 | Trivandrum Spinning Mills Ltd*** |
| 19 | Texfed***** |
| 20 | Kerala State Textile Corporation Ltd* |
| 21 | Sitaram Textiles Ltd |
| 22 | Kerala Artisans Development Corporation Ltd***** |
| 23 | Forest Industries (Travancore) Ltd* |
| 24 | The Metal Industries Ltd* |

8/15/00

[signature]